പതിമൂന്നാം കേരളനിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1524 14.06.2013-ൽ മറുപടിക്ക്.

## പഞ്ചായത്തുകളിലെ പഞ്ചവത്സര പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.പാലോട് രവി<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.ഹൈബി ഈഡൻ | | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | പഞ്ചായത്തുകളിൽ 12-ാം പഞ്ചവത്സര പദ്ധതി നിർവ്വഹണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദീകരിക്കുമോ; | (എ) | പഞ്ചവൽസര പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾ 2 വർഷത്തേയ്ക്കുള്ള പ്രോജക്ടുകൾ ഒരുമിച്ച് തയ്യാറാക്കേണ്ടതുണ്ട്. സാമ്പത്തിക വർഷം അവസാനി ക്കുന്നതിനു മുമ്പ് തന്നെ അടുത്ത വർഷത്തെ പദ്ധതികൾക്ക് അംഗീകാരം നേടണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ 2012-13 വർഷത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 2013-14 വർഷത്തെ പദ്ധതി രൂപീകരണത്തിന് സമയ പരിധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടെങ്കിലും പദ്ധതി നിർവ്വഹണത്തിന് 10 മാസത്തോളം സമയം ലഭിക്കുന്ന സ്ഥിതിയുണ്ട്. ഇത് നിർവ്വഹണം ഫലപ്രദമാകുന്നതിനും ഫണ്ട് വിനിയോഗം കാര്യക്ഷമമാകുന്നതിനും ഉപകരിക്കും. |
| (ബി) | പഞ്ചായത്തുകൾ ഇതു വരെ എത്ര പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ: | (ബി) | സംസ്ഥാനത്തെ 977 ഗ്രാമപഞ്ചായത്തുകളുടെ 112503 പദ്ധതികൾ ഇതുവരെ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ഈ പദ്ധതികളുടെ പരിശോധന സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്: | (സി) | 824 ഗ്രാമപഞ്ചായത്തുകളുടെ 37034 പ്രോജക്ടുകൾ പരിശോധിച്ച് അംഗീകാരം നൽകിയിട്ടുണ്ട്. |
| (ഡി) | പദ്ധതിനിർവ്വഹണം സംബന്ധിച്ച് പഞ്ചായത്തുകൾക്ക് ഇൻസെന്റീവ് നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) | ഇൻസെന്റീവ് നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ആഫീസർ